കേരള സർക്കാർ

(സംഗ്രഹം)

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി– 2003–04 വാർഷിക പദ്ധതി– ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വികസന പരിപാടികൾ – മാർഗ്ഗരേഖ അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്

ജി.ഒ. (എം. എസ്) നമ്പർ. 36/2004/ പ്ലാനിംഗ് തിരുവനന്തപുരം, 2004, മാർച്ച് 29

---

പരാമർശം:– 06.06.2002–ലെ ജി.ഒ.(എം.എസ്) 20/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും ആകെ പദ്ധതി വിഹിതത്തിന്റെ അഞ്ച് ശതമാനം തുക ശിശുക്കൾ, വൃദ്ധർ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്നീ വിഭാഗങ്ങളുടെ വികസന പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ 2003–04–ലെ പദ്ധതി വിഹിതത്തിൽ നിന്ന് ഈ വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ള തുക വിനിയോഗിച്ച് ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ വികസന പരിപാടികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കേണ്ടതാണെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി ഗവൺമെന്റിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

2. കോർഡിനേഷൻ സമിതിയുടെ ശുപാർശ ഗവൺമെന്റ് വിശദമായി പരിശോധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2003–04 വാർഷിക പദ്ധതിയൽ വൃദ്ധർ, ശിശുക്കൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേകപദ്ധതി വിഹിതത്തിൽ നിന്ന് ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ വികസനത്തിനുവേണ്ടി നടപ്പാക്കാവുന്ന പരിപാടികൾക്ക് ഈ ഉത്തരവിന്റെ അനുബന്ധമായി നല്കിയിട്ടുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

3. പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എസ്.എം. വിജയാനന്ദ്

സെക്രട്ടറി (ആസൂത്രണം)

1. പഞ്ചായത്ത് ഡയറക്ടർ
2. ഗ്രാമ വികസന കമ്മീഷണർ
3. ഡയറക്ടർ, നഗരകാര്യവകുപ്പ്
4. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
5. ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
6. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യം
7. പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമ വികസനം
8. സെക്രട്ടറി, തദ്ദേശസ്വയംഭരണം
9. സെക്രട്ടറി, സാമൂഹ്യക്ഷേമവകുപ്പ്
10. മറ്റ് പ്രിൻസിപ്പിൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ
11. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
12. ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ് വകുപ്പ് (അടിയന്തിര പത്രക്കുറിപ്പിന്)
13. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
14. എല്ലാ ജില്ലാ കലക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിമാർക്കും
15. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
16. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
17. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
21. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
22. സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ
23. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
24. ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
25. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
26. സെക്രട്ടറി, ചേംബർ ഓഫ് മുനിസിപ്പൽ ചെയർപേഴ്സൺസ്

പകർപ്പ്:

1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി
2. തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
3. ഗ്രാമവികസന വകുപ്പ് ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
4. മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
5. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ
6. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
7. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി അംഗങ്ങൾ
8. തദ്ദേശസ്വയംഭരണ വകുപ്പ്
9. ഗ്രാമവികസന വകുപ്പ്
10. അസൂത്രണ വകുപ്പ്
11. സാമൂഹ്യക്ഷേമ വകുപ്പ്

ശാരീരികമായും മാനസികയും വെല്ലുവിളികൾ നേരിടുന്നവരുടെ (വികലാംഗരുടെ) പുനരധിവാസത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2003-04 ലെ പദ്ധതി വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ

1. കാഴ്ച ശക്തി ഇല്ലാത്തവർ, കാഴ്ചശക്തി കുറവുള്ളവർ, കുഷ്ഠരോഗ വിമുക്തർ, കേഴ്വിശക്തി ഇല്ലാത്തവർ, അസ്ഥിസംബന്ധമായ തകരാറുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ (ബുദ്ധിമാന്ദ്യം സംഭവിച്ചവർ), മാനസികരോഗികൾ മുതലായവരെയാണ് ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്.
2. ഈ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് സാധാരണ ജിവിതത്തിൽ കഴിയുന്നത്ര പരസഹായം കൂടാതെയുള്ള ജീവിതം തുടരുന്നതിന് സഹായകരമായ പരിപാടികളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ടത്.
3. 2003-04 വാർഷിക പദ്ധതിയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും വികലാംഗർ, കുട്ടികൾ, വൃദ്ധർ എന്നീ വിഭാഗങ്ങളിലുള്ളവരുടെ പ്രത്യേകപദ്ധതികൾക്കുള്ള 5 ശതമാനം വിഹിതത്തിൽ നിന്ന് ചുവടെയുള്ള ആവശ്യങ്ങൾക്ക് തുക വിനിയോഗിക്കാനവുന്നതാണ്.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരെ കണ്ടെത്തുന്നതിനും അവരുടെ പ്രശ്നങ്ങൾ അപഗ്രഥിച്ച് പരിഹാരം നിർദ്ദേശിച്ചു കൊണ്ടുള്ള സമഗ്ര പദ്ധതി തയ്യാറാക്കുന്നതിനും വിവരശേഖരണ സർവ്വെ നടത്തുക.

സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കു വേണ്ടിയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും അടിസ്ഥാന സൗകര്യ വർദ്ധനവിനും പ്രോജക്ടുകൾ തയ്യാറാക്കുക.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ താമസിക്കുന്ന ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ചുവടെ വിവരിക്കുന്ന നിരക്കിൽ 2003-04 വിദ്യാഭ്യാസ വർഷത്തേയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

*(a)* ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക്

| സ്റ്റാൻഡേർഡ്/ കോഴ്സ് | പ്രതിമാസ സ്കോളർഷിപ്പ് തുക (രൂപ) വീട്ടിൽ നിന്ന് പോയി വരുന്നവർക്ക് | ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് | വാർഷിക അലവൻസ് (രൂപ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 മുതൽ 4 വരെ | 250 | -- | 250 |
| 5 മുതൽ 8 വരെ | 350 | -- | 400 |
| 9, 10, +2 സ്റ്റാൻഡേർഡുകൾ | 450 | 750 | 500 |
| ബിരുദപഠനം | 650 | 1000 | 750 |
| ബിരുദാനന്തരപഠനം | 750 | 1000 | 1000 |

*(b) (i)* അസ്ഥി സംബന്ധമായ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് പ്രതിമാസം യാത്ര

അലവൻസ് 100 രൂപ

(*ii*) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ യാത്രാ സൗകര്യം ഉപയോഗിക്കുന്നവർക്ക് സ്ഥാപനം നിശ്ചയിച്ചിട്ടുള്ള നിരക്ക്.

(*c*) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക്

(*i*) പ്രതിമാസ സ്കോളർഷിപ്പ് 400 രൂപ

(*ii*) വാർഷിക ഡ്രസ് അലവൻസ് 600 രൂപ

(*iii*) പഠനോപകരണങ്ങൾ വാങ്ങുന്നതിന് പ്രതിവർഷ അലവൻസ് 1000 രൂപ

(*d*) സ്കൂളിൽ പോയിവരുവാൻ സ്കൂളിൽ യാത്രാ സംവിധാനം ഉപയോഗിക്കുന്നതിന് സ്കൂൾ അധികൃതർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ യാത്രാ അലവൻസ് നല്കാവുന്നതാണ്. സ്കൂളിൽ നിന്ന് വിനോദ യാത്രയ്ക്കോ, പഠനപര്യടനത്തിനോ പോകുന്നുണ്ടെങ്കിൽ അതിനുവേണ്ടി വരുന്ന ചെലവും അനുവദിക്കാവുന്നതാണ്.

(*e*) 21 വയസ്സിന് മുകളിൽ പ്രായമുള്ളവരും സ്കൂളിൽ നേരിട്ട് പഠിക്കാത്തവരുമായ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽ പകൽ സമയം ചെലവഴിക്കുന്നതിന് സംവിധാനം ലഭ്യമാണെങ്കിൽ അവരുടെ ചെലവിലേയ്ക്ക് പ്രതിമാസം 500 രൂപ നിരക്കിൽ സ്ഥാപനത്തിന് പരിരക്ഷണ ചെലവായി നല്കാവുന്നതാണ്.

4. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ പരിശീലനം

(*i*) സാമൂഹ്യക്ഷേമ വകുപ്പിന്റെ ചുമതലയിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും അതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകൾക്ക് പ്രോജക്ടുകൾ നടപ്പാക്കാവുന്നതാണ്.

(*ii*) മുകളിൽ സൂചിപ്പിച്ചിട്ടുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ സമീപ പഞ്ചായത്തുകളിൽ നിന്നുള്ള ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരെ തൊഴിൽ പരിശീലനത്തിനായി അതത് പഞ്ചായത്തുകൾക്ക് നിയോഗിക്കാവുന്നതും അതിനു വേണ്ടിവരുന്ന ചെലവ് ബിരുദാനന്തര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നിരക്കിൽ അനുവദിക്കാവുന്നതുമാണ്.

5. ശാരീരിക മാനസിക വൈകല്യങ്ങൾ നേരിടുന്നവരുടെ ആരോഗ്യ പ്രശ്നങ്ങൾ

ശാരീരിക മാനസിക വൈകല്യങ്ങൾ നേരിടുന്നവരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപന തലത്തിലെ പ്രാഥമികാരോഗ്യകേന്ദ്രം/കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ ചെയർമാനും തദ്ദേശഭരണ സ്ഥാപനത്തിൽ ലഭ്യമായ ഒരു മെഡിക്കൽ പ്രാക്ടീഷണർ അംഗവും സംയോജിത ശിശുവികസന പരിപാടി (ഐ.സി.ഡി എസ്) സൂപ്പർവൈസർ കൺവീനറുമായി ഒരു സമിതി രൂപീകരിക്കേണ്ടതും പ്രസ്തുത സമിതി രോഗ ചികിത്സാ വിവരം സംബന്ധിച്ച രേഖകൾ പരിശോധിച്ച് ആവശ്യം വേണ്ട ഔഷധങ്ങളോ സേവനങ്ങളോ (ശസ്ത്രക്രിയ, സ്കാനിംഗ്, എകസ്-റേ, ലബോറട്ടറി പരിശോധനകൾ

മുതലായവ) ഉപകരണങ്ങളോ ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്യാവുന്നതും അത് പ്രകാരം ആവശ്യമായ ചെലവ് തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും വിനിയോഗിക്കാവുന്നതുമാണ്. സ്വകാര്യ ആശുപത്രികളിലെ ചികിൽസക്കു വേണ്ടിവരുന്ന ചെലവും മുകളിൽ പ്രതിപാദിച്ചിട്ടുള്ള സമിതിയുടെ ശുപാർശപ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും ചെലവാക്കാവുന്നതാണ്. രോഗ ചികിത്സയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് പരിധി നിശ്ചയിക്കാൻ പാടില്ലാത്തതാണ്.

6. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമത്തിന് ഗവൺമെന്റ്/സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളിലേയ്ക്ക് റിക്രിയേഷൻ സൗകര്യങ്ങൾക്കും കാഴ്ചശക്തി, കേഴ്വി ശക്തി എന്നിവയില്ലാത്തവരുടെ പരിശോധനയ്ക്കും പുനരധിവാസത്തിനും വേണ്ട ഉപകരണങ്ങളോ സ്പെഷ്യൽ ഉപകരണങ്ങളോ വാങ്ങാൻ സാമ്പത്തിക സഹായം നല്കാവുന്നതാണ്.

7. സംസ്ഥാനത്തെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഒരു സമഗ്ര പുനരധിവാസ നയം ആവിഷ്ക്കരിക്കുന്നതിനും 2004–05 വാർഷിക പദ്ധതി മുതൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം കൂടുതൽ ഫലപ്രദമായി വിനിയോഗിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേയ്ക്ക് ഈ മേഖലയിൽ പ്രാവീണ്യം നേടിയവരും ദേശീയ അംഗീകാരം സിദ്ധിച്ചവരുമായ വ്യക്തികളെയും സ്ഥാപനങ്ങളിലെ പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു സംസ്ഥാനതല കൺസൾട്ടേഷൻ തദ്ദേശസ്വയം ഭരണവകുപ്പും സാമൂഹ്യക്ഷേമ വകുപ്പും, സംസ്ഥാന ആസൂത്രണ ബോർഡും സഹകരിച്ച് സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത കൺസൾട്ടേഷനിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ വിശദമായ ഒരു കർമ്മ പരിപാടി ആവിഷ്ക്കരിക്കേണ്ടതാണ്.

**********